## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് എംപവർമെന്റ് ആന്റ് അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം 2012-13 - ത്രിതല പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നത് - മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

==============================================================================

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

സ.ഉ.(സാധാ)നം.3618/2012/തസ്വഭവ                    തിരുവനന്തപുരം, തീയതി, 29.12.2012.

==============================================================================

പരാമർശം:- 22/12/2011ലെ സ.ഉ. (സാധാ) നമ്പർ 3063/2011 ഉത്തരവ്.

### ഉത്തരവ്

ഭാരതസർക്കാരിന്റെ പഞ്ചായത്തീരാജ് മന്ത്രാലയം പഞ്ചായത്ത് എംപവർമെന്റ് ആന്റ് അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീമിന്റെ ഭാഗമായി സംസ്ഥാനങ്ങളിലെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ത്രിതല പഞ്ചായത്തുകൾക്ക് 2011-12 വർഷം മുതൽ ഏർപ്പെടുത്തിയിട്ടുള്ള ഇൻസെന്റീവ് അവാർഡിന്റെ 2012-13 വർഷത്തേയ്ക്കുള്ള അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ സമർപ്പിക്കുന്നതിലേക്കായി സംസ്ഥാനത്ത് അർഹരായ പഞ്ചായത്തുകളെ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2011-12 വർഷത്തേതിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനത്തെ മുഴുവൻ ത്രിതല പഞ്ചായത്തുകളും ഈ അവാർഡിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതാ മാനദണ്ഡങ്ങൾ (eligibility criteria) സംസ്ഥാനതലത്തിൽ പരിഷ്കരിച്ച് തയ്യാറാക്കിയ മാതൃകാ മാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്ന പഞ്ചായത്തുകളിൽ നിന്നുമാണ് അർഹരായവരെ കണ്ടെത്തുക.

3) തദ്ദേശ സ്വയം ഭരണവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഇതിനായി പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്‌വെയറിൽ http:lsgkerala.gov.in/peais award എന്ന വിലാസത്തിൽ ലഭ്യമാകുന്ന അപേക്ഷാ ഫാറങ്ങളിൽ വിവരം രേഖപ്പെടുത്തി ഓൺലൈൻ ആയിത്തന്നെ സമർപ്പിക്കേണ്ടതാണ്.

4) ത്രിതല പഞ്ചായത്തുകൾക്ക് പ്രത്യേകമായി തയ്യാറാക്കിയിട്ടുള്ള അപേക്ഷകളിൽ ഓരോ കോളങ്ങളിലും വ്യക്തമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുവെന്ന് അതത് പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പുവരുത്തിയ ശേഷമായിരിക്കണം സമർപ്പിക്കേണ്ടത്.

5) സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത വിലാസത്തിൽത്തന്നെ ലഭ്യമാണ്.

മേൽ പ്രസ്താവിച്ച പ്രകാരം അർഹതാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷകളിൽ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി **5.1.2013-നു** മുൻപായി ഓൺലൈനായിത്തന്നെ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വി.എസ്. സെന്തിൽ,

പ്രിൻസിപ്പൽ സെക്രട്ടറി.

**പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.**
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
തിരുവനന്തപുരം (അച്ചടി ദൃശ്യമാധ്യമങ്ങളിലൂടെ വേണ്ടത്ര പ്രചാരണത്തിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗികവെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ